2B3N17081 (Pages : 2) Reg. No:.............................

Name: ...............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA/BSc Degree Examination, November 2017**

**MAL3A03 - MALAYALA SAHITHYAM – 3**

(2016 Admission onwards)

Max. Time: 3 hours Max. Marks: 80

സമയം 3 മണിക്കൂർ മാർക്ക് 80

**A. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. (12X1=12)**

1. എസ്.കെ. പൊറ്റെക്കാടിന്റെ ഒരു സഞ്ചാര സാഹിത്യകൃതിയാണ് ...............................
2. 'കാലപ്പകർച്ചകൾ' ആരുടെ രചനയാണ്?
3. മുഹമ്മദ് നബിക്ക് എതിരാളികളുടെ കല്ലേറേറ്റ സ്ഥമാണ് ...............................
4. കെ. ദാമോദരൻ എഴുതിയ രാഷ്ട്രീയ നാടകമാണ് ...............................
5. 'കണ്ടൽ ജീവിതം' എന്ന ലേഖനം ഏതു ഗ്രന്ഥത്തിൽ നിന്നെടുത്തതാണ്?
6. ഹർബുൽ മാഅ് എന്ന പദത്തിനർത്ഥമെന്ത്?
7. 'സമത്വവാദി' ആരെഴുതിയ നാടകമാണ്?
8. രാഷ്ട്രപതിയുടെ രജതകമലം നേടിയ പത്മരാജൻ ചിത്രമേത്?
9. വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥയാണ് ...............................
10. 'വേറിട്ട കാഴ്ചകൾ' ആരുടെ രചനയാണ്?
11. 'ഇക്കിറു'വിന്റെ സംവിധായകനാര്?
12. "നാടകം കാണാൻ പ്രത്യേകിച്ചഭ്യാസം ആവശ്യമാണത്രെ അപ്പറഞ്ഞവനാര്? അവനെതല്ലണം" – ആരുടെ വാക്കുകൾ

**B. ഏഴുചോദ്യങ്ങൾക്ക് ഉത്തരം തയ്യാറാക്കുക (7X2=14)**

13. 'ജോലിയുടെ ഈ ആഘോഷം കാണുക ഞങ്ങൾക്ക് കൗതുകമായിരുന്നു.' – സന്ദർഭമേത്?
14. തിരക്കഥയെകുറിച്ച് ബർണാഡ്ഷാ അഭിപ്രായപ്പെട്ടതെന്ത്?
15. ഏതെല്ലാം കലകളുടെ ഉചിത സംശ്ലേഷത്തിന്റെ ഫലമാണ് നാടകം?
16. 'നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്' – സന്ദർഭമേത്?
17. 'ഇൻഫോർമർ' എന്ന സിനിമാ തിരക്കഥ വിദ്യാർത്ഥികൾക്ക് നൽകുന്ന പാഠമെന്ത്?
18. മരണത്തിന്റെ പൊള്ളൽ മരുഭൂമിയിലെ സഞ്ചാരി നേരിട്ടനുഭവിച്ചതെങ്ങനെ?
19. ഞാനുണ്ടാക്കിയ പാവകൾ എന്നോട് കേറികോർത്തുതുടങ്ങിയോ' – സന്ദർഭമേത്?
20. 'മാട്ടി'ലെ ബാല്യവിവാഹത്തിന്റെ കൗതുകകരമായ ചിത്രങ്ങൾ
21. 'സാഹിത്യവും സിനിമയും വേറെയാണ്; സങ്കേതങ്ങൾ വേറെയാണ്" – എം.ടി. ഈ വാക്യത്തെ വിശദീകരിക്കുന്നതെങ്ങനെ?

**C. ഏതെങ്കിലും അഞ്ചുചോദ്യത്തിന് നൂറ്റമ്പതുവാക്കിൽ കവിയാതെ ഉത്തരമെഴുതുക (5X6=30)**

22. ആ ചിരിയുടെ അർത്ഥം എനിക്ക് കുറേശ്ശെ മനസ്സിലാവാൻ തുടങ്ങുകയായിരുന്നു.' – വിശദീകരിക്കുക
23. തിരക്കഥാകൃത്തുകൾ ശ്രദ്ധിക്കേണ്ട അടിസ്ഥാനകാര്യങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക
24. പ്രകൃതിയോടും കണ്ടലിനോടുമുള്ള ഗാഢമായ സ്നേഹം പൊക്കുടന്റെ ലേഖനത്തിൽ

25. പത്മരാജന്റെ തിരക്കഥക്ക് ചൈതന്യം നൽകുന്ന പ്രധാനഘടകം നാട്ടിൻപുറത്തിന്റെ അന്തരീക്ഷമാണ്. - വിശദമാക്കുക

26. കഥാപാത്രം ദേശമായി മാറിയതാണ് ലൈലാ അഫ്‌ലാജ് - വിശദീകരിക്കുക

27. ഇല്ലംനിറ, ഉച്ചാരൽ വേല, പുളി എന്നീ ആചാരങ്ങൾ പത്തായവുമായി എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്?

28. ചെടികളോടും വളർത്തുമൃഗങ്ങളോടും സാഹിബിനുണ്ടായിരുന്ന ഉറ്റ ബന്ധം

29. "ജീവിതത്തെ ധീരമായി നേരിടാൻ നിയമം യാതൊരു സഹകരണവും കൊടുക്കുന്നില്ല. എന്നാൽ ജീവിതായോധനത്തിൽ നിന്ന് ഒളിച്ചോടുന്നതിനെ തടയുവാൻ നിയമമുണ്ട്. ഇതാണ് നിയമാവലിയിലെ ഏറ്റവും മൂർത്തിമത്തായ സ്വാർത്ഥത" - വിശദമാക്കുക.

**D. ഏതെങ്കിലും മൂന്നെണ്ണത്തിന് മുന്നൂറുവാക്കിൽ കവിയാതെ ഉത്തരമെഴുതുക (3X8=24)**

30. 'ഇത്തരം ആസ്വാദകരുണ്ടാകുമ്പോൾ, അവർക്കു നാടകത്തെപ്പറ്റി ഉയർന്ന രസവാസനകൾ ഉണ്ടാകുമ്പോൾ, നാടകവേദി ഉയരും' - വിശദീകരിക്കുക

31. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ലേഖകൻ ചിത്രീകരിക്കുന്നതെങ്ങനെ?

32. പ്രവാസിയുടെ യാത്രകളെയും ആ യാത്രകളിലെ തീവ്രാനുഭവങ്ങളെയും ഹൃദയസ്പർശിയായും കാവ്യാത്മകമായും അവതരിപ്പിക്കുകയാണ് 'മരുഭൂമിയുടെ ആത്മകഥ' -വിശദമാക്കുക

33. മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവന്റെ മരണം.' - ക്രൈം നാടകത്തിൽ ഈ വാക്യത്തിനുള്ള പ്രസക്തി വിവരിക്കുക

34. ഒരു കാലഘട്ടത്തിന്റെ സമൃദ്ധിയും സൂക്ഷിപ്പും ദാരിദ്ര്യവും ജീവിതചിത്രീകരണവും 'പത്തായ'ത്തിലൂടെ ലേഖിക ആവിഷ്കരിക്കുന്നതെങ്ങനെ?

2B3N17082 (Pages : 3) Reg. No:..............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Third Semester BA Degree Examination, November 2017

## MAL3B03 - Malayala Kavitha Uttharagattam

(2016 Admission onwards)

Max. Time: 3 hours Max. Marks: 80

**A.** എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക **(12x1=12)**

1. കക്കാടിന് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?
2. "നീ, യനാദ്യന്തൻ,
   മൃതി ഭീതിയാൽച്ചേരും
   ജീവിതസ്നേഹത്തിന്റെ
   മാധുര്യമറിയാത്തോൻ" – ആരെക്കുറിച്ചാണ് കവി ഇപ്രകാരം പറഞ്ഞിരിക്കുന്നത്?
3. 'ആരണ്യകം' എന്ന കൃതിയുടെ കർത്താവ് ആര്?
4. ഭീരുവിന്റെ നിശ്ശബ്ദമായ ആകാശം എന്തു കൊണ്ട് ഭേദിക്കാനാകുമെന്നാണ് കവി ആഗ്രഹിക്കുന്നത്?
5. 'പൊൻകോലം കേറ്റുവാൻ കുമ്പി-
   ട്ടീലല്ലോ നിന്റെ മസ്തകം" – എപ്പോൾ?
6. ആരുടെ ആത്മശാന്തിക്കു വേണ്ടി പാലമരം നടാനാണ് 'നീതിയുടെ വൃക്ഷം' എന്ന കവിതയിൽ കവി ആവശ്യപ്പെടുന്നത്?
7. 'കഥനം' എന്ന കവിതയിൽ നമ്മിൽ നിന്നും അകലുന്നതായി കവി പറഞ്ഞിരിക്കുന്നത് എന്തൊക്കെയാണ്?
8. "എല്ലാ വിളക്കുമണഞ്ഞാലീപ്പാതിര
   എങ്ങനെയാവുമീ നാട്ടിൽ?" – ആരുടെ വരികൾ?
9. 'വർണ്ണരാജി' ആരുടെ കൃതിയാണ്?
10. "കാവിലക്കിളിപ്പാട്ടുകൾ കേട്ടും
    പൂവു കണ്ടും പറന്നു ചെല്ലല്ലെ" – കാരണമെന്ത്?
11. അയ്യപ്പപ്പണിക്കരുടേത് അല്ലാത്ത കൃതി ഏത്
    (കുരുക്ഷേത്രം, മൃത്യുപൂജ, ഇവനെക്കൂടി)
12. "ഒരുറുമ്പിനെ ഞാൻ ഞെരിക്കുകിൽ –
    ക്കൃപയാർന്നമ്മ തടഞ്ഞു ചൊല്ലിടും:" – അമ്മ എന്താണ് ചൊല്ലുന്നത്?

**B.** ഏതെങ്കിലും ഏഴു ചോദ്യത്തിന് ഉത്തരം തയാറാക്കുക **(7x2=14)**

13. "കണ്ടിടാറുണ്ടു ഞാനാ-
    ക്കിഴവൻ വണ്ടിക്കാരൻ
    വണ്ടിയും തെളിച്ചു കൊ-

ങ്ങങ്ങിങ്ങു ചരിപ്പതായ്" – വണ്ടിക്കാരനെ എപ്പോഴാണ് കാണാൻ സാധിക്കുന്നത്?

14. "എന്തി, ന്നാരെക്കാണ്മു നാളെ?

കൃമികൾ സമസ്തം കൃമികൾ" – എന്നു കവി പറയാനിടയായ സാഹചര്യം എന്ത്?

15. "നാട മുറിഞ്ഞ പതാക കണക്കെൻ–

ചോടു കുഴഞ്ഞടി പറ്റുവതെന്തേ?" – സന്ദർഭം എന്ത്?

16. "കണ്ണുനീർ ചൊരിഞ്ഞീലാ –
ചുറ്റിലും മിത്രാദികൾ;
വിണ്ണിലായ് വിഷാദത്തിൻ
വിലാപം പടർന്നീലാ" – കാരണമെന്ത്?

17. 'നീതിയുടെ വൃക്ഷം' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

18. "കണ്ടു ഞാനാദിമദ്ധ്യാന്ത വിഹീനതേ,

കണ്ടു ഞാൻ നിന്നെ പ്രചണ്ഡമാം ശാന്തതേ" – സന്ദർഭം വിവരിക്കുക.

19. "എന്നുമെൻ ചിറകിന്റെ കീഴിൽ
നിന്നു നിന്റെ വയറു നിറയ്ക്കാ
മെന്നു തോന്നുന്ന തോന്നലു വേണ്ട
നിന്റെ ജീവിതം നിന്റെ കാര്യം മാത്രം" – ഈ വരികളിലെ ആശയമെന്ത്?

20. "നീയിന്നാ മേഘരൂപന്റെ
ഗോത്രത്തിൽ ബാക്കിയായവൻ,
ഏതോ വളകിലുക്കം കേ–
ട്ടലയും ഭ്രഷ്ടകാമുകൻ" – കവി ആരെക്കുറിച്ചാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത് ?സന്ദർഭം എന്ത്?

21. "പെയ്തലിയുന്നൊരു മുകിലിലെ നീർമണി–

പോലെൻ ചേതന വാർന്നൊഴുകുന്നു." – കാരണമെന്ത്?

C. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക **(5X6=30)**

22. "ആര്യേ, നിർത്തരു, തപ്പുറമാടുക രതിയുടെ

നിത്യ നവോജ്ജ്വല സർഗ്ഗവിലാസം" – സന്ദർഭം വിശദമാക്കുക.

23. "മാപ്പു നൽകുക, നീ പൊറുക്കു–

കെൻ മർത്യതാദർപ്പം" – കവി ഇങ്ങനെ പറയാനുള്ള കാരണം വിശദമാക്കുക.

24. എൻ.എൻ.കക്കാട് എന്ന കവിയെ പരിചയപ്പെടുത്തുക.

25. "കണ്ണുവേണമിരുപുറമെപ്പൊഴും
കണ്ണു വേണം മുകളിലും താഴെ
കണ്ണിലെപ്പൊഴും കത്തിജ്ജ്വലിക്കു–

മുൾക്കണ്ണു വേണമണയാത്ത കണ്ണ്" – ഈ വരികളിലെ ആശയം എന്ത്?

26. കേരളത്തിന്റെ നാടോടി സംസ്കാരത്തിന്റെ ആത്മാവിലേക്ക് ഇറങ്ങിച്ചെല്ലുന്നവയാണ് കടമ്മനിട്ടയുടെ കവിതകൾ എന്ന അഭിപ്രായത്തിന്റെ സാധുത കോഴി എന്ന കൃതിയെ ആസ്പദമാക്കി വിലയിരുത്തുക.

27. "ആവർത്തനങ്ങളാൽ പാകം തികഞ്ഞൊരീ –
യാത്മ ചൈതന്യം തുടരെത്തുടിക്കുമോ ?"
– ആശയം വ്യക്തമാക്കുക.

28. 'അവസരോചിതൻ' എന്ന കവിതയുടെ സാമൂഹികപ്രസക്തി പരിശോധിക്കുക.

29. "പ്രിയ കഥകളി–
ല്ലിന്നു പറയുവാൻ" എന്നു കവി പറയാൻ കാരണമെന്ത് ? വിവരിക്കുക.

**D.** ഏതെങ്കിലും മൂന്നു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക

**(3X8=24)**

30. "മലയാള കവിതയിൽ പുതിയ ഭാവുകത്വം വളർത്തിയെടുക്കാൻ സർഗാത്മക നേതൃത്വം നൽകിയ കവിയാണ് അയ്യപ്പപ്പണിക്കർ" – പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.
31. ചൊൽക്കവിതകൾക്ക് മലയാള സാഹിത്യത്തിലുള്ള പ്രസക്തി അപഗ്രഥിക്കുക.
32. ഉത്തരാധുനിക പ്രവണതകൾ കവിതകളിൽ എത്രത്തോളം പ്രകടമാകുന്നു എന്ന് പാഠഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.
33. ആധുനിക കവികൾ പരിസ്ഥിതി ദർശനത്തിന് നൽകിയ സ്വീകാര്യത വിലയിരുത്തുക.
34. മാനസാന്തരം എന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.
35. പ്രമേയം, ബിംബപ്രയോഗം, ശില്പഘടന എന്നിവയിൽ ആധുനിക കവികൾ വരുത്തിയ മാറ്റം വിശദമാക്കുക.

1B3N17084 (Pages : 1) Reg. No:...........................

Name: ...............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Degree Examination, November 2017**

**MAL3C03 - Keralapadanam - Adhinivesakala Keralam**

(2016 Admission onwards)

Max. Time: 1.5 hours Max. Marks: 40

**A. എല്ലാ ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക. (7 x 1 = 7)**

1. കേരളസംസ്ഥാനം രൂപീകൃതമായ വർഷം ?
2. തുഹ്ഫത്തുൽ മുജാഹിദീന്റെ കർത്താവ് ആര് ?
3. സാമൂതിരി രാജാക്കന്മാർ അധികാരമേറ്റെടുക്കുന്ന ചടങ്ങിന്റെ പേര് ?
4. തൃപ്പടിദാനം നിർവ്വഹിച്ചതാര് ?
5. ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ച വർഷം ?
6. ഹോർത്തൂസ് മലബാറിക്കസിന്റെ രചയിതാവായ ഡച്ചുകാരൻ ?
7. 'ദിവാൻ' എന്ന ഔദ്യോഗികനാമം സ്വീകരിച്ച തിരുവിതാകൂറിലെ ആദ്യത്തെ മന്ത്രി ആര് ?

**B. രണ്ടോ മൂന്നോ വാക്കിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. (5 x 2 = 10)**

8. തിരുവിതാകൂറിൽ പ്രവർത്തിച്ചിരുന്ന മിഷണറി സംഘങ്ങൾ ഏവ ?
9. ആൽബുക്കർക്കിന്റെ ഇന്ത്യാ സന്ദർശനത്തിന്റെ ലക്ഷ്യമെന്തായിരുന്നു ?
10. പതിനെട്ടരക്കവികൾ എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?
11. കൂനൻകുരിശ്കലാപത്തിന്റെ പെട്ടെന്നുള്ള കാരണം എന്തായിരുന്നു ?
12. മാമാങ്കം എന്നാലെന്ത് ?
13. കുളച്ചൽ യുദ്ധത്തിന്റെ ചരിത്രപരമായ പ്രാധാന്യമന്ത് ?
14. ചാന്നാർ കലാപം - കുറിപ്പെഴുതുക ?

**C. ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (3 x 5 = 15)**

15. കാർഷികരംഗത്ത് പോർച്ചുഗീസുകാർ നൽകിയ സംഭാവനകൾ പരിശോധിക്കുക ?
16. ഉദയംപേരൂർ സൂനഹദോസിലെ കാനോനകളിൽ പരാമർശിക്കുന്ന നിർദ്ദേശങ്ങളും പരിഷ്ക്കാരങ്ങളും എന്തെല്ലാം ?
17. അച്ചടിയെ പരിപോഷിപ്പിക്കുന്നതിൽ ക്രിസ്ത്യൻ മിഷണറിമാർ വഹിച്ച പങ്ക് ചർച്ച ചെയ്യുക.
18. 1921-ൽ മലബാറിൽ നടന്ന കലാപങ്ങളെ ചരിത്രപരമായി വിലയിരുത്തുക.

**D. ഏതെങ്കിലും ഒരു ചോദ്യത്തിന് മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (1 x 8 = 8)**

19. ഡച്ച് അധിനിവേശത്തിന്റെ സാംസ്കാരികഫലങ്ങൾ വിലയിരുത്തുക.
20. ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി പഴശ്ശിരാജാവ് നടത്തിയ ചെറുത്തുനിൽപ്പുകൾ വിശദീകരിക്കുക.

2B3N17091 (Pages : 2) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2017**

**JOU3C01 - History of Mass Media**

(2016 Admission onwards)

Max. Time: 1.5 hours Max. Marks: 40

## PART - A

**Answer *all* questions. Each question carries *one* mark**

1. 'Kerala Patrika' was first published in the year ..........
2. The abbreviation SITE is expanded as ..........
3. .......... is the first full length Indian motion picture
4. .......... is an example of FM radio based in Kerala
5. The first talkie in Malayalam films is ..........
6. 'Kerala Koumudi' was founded by ..........
7. The current chairman of Press Council of India is .........

**(7 x1=7 Marks)**

## Part B

**Answer any *five* questions. Each question carries *two* marks**

8. 'Kandam Bacha Coat'
9. Adoor Gopala Krishnan
10. Prasar Bharathi
11. Digital Banking
12. Satyanada Kahalam
13. Magazine Journalism
14. Kesari Balakrishna Pillai

**(5 x 2=10 Marks)**

## Part C

**Answer any *three* questions. Each question carries *five* marks**

15. State the relevance of Social media nowadays?
16. Describe the contributions of Herman Gundert?
17. What are the different types of radio programmes ?
18. Write short notes on 'Mathrubhumi daily' ?
19. Explain the contribution of Kandathil Varghese Mappila.

**(3 x 5=15 Marks)**

## Part D

**Answer any *one* question. Each question carries *eight* marks**

20. Critically evaluate the journalistic efforts of Raja Ram Mohan Roy?
21. Detail the structure and powers of Press Council of India?

**(1 x 8=8 Marks)**